21641
13/10/17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കാസർഗോഡ് റെയിഞ്ചിലെ പരപ്പ ഡിപ്പോയിൽ ശ്രീ.സക്കീർ ഹുസൈൻ, മാർക്കറ്റ് റോഡ്,കാസർഗോഡ് എന്നയാളുടെ നഷ്ടോത്തരവാദിത്വത്തിൽ നടന്ന പുനർലേലത്തിൽ സർക്കാരിനുണ്ടായ നഷ്ടം എഴുതിത്തള്ളിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)/338/2017/വനം തിരുവനന്തപുരം, തീയതി, 15/09/2017

പരാമർശം:-

1. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്) , കോഴിക്കോടിന്റെ 11.02.2013-ലെ F-7311/07 നമ്പർ കത്ത്.
2. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്)ന്റെ 02.09.2014-ലെ പ്രൊ(5)-14098/2013 നമ്പർ കത്ത്.
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്)ന്റെ 28.01.2017-ലെ പ്രൊ(5)-14098/2013 നമ്പർ കത്ത്.

## ഉത്തരവ്

കാസർഗോഡ് റെയിഞ്ചിലെ പരപ്പ ഡിപ്പോയിൽ 16.11.1988ൽ നടന്ന ലേലത്തിൽ ശ്രീ.സക്കീർ ഹുസൈൻ,S/o ഷെരീഫ് ഇബ്രാഹിം സാഹിബ്, മാർക്കറ്റ് റോഡ്. കാസർഗോഡ് 9.75 മെട്രിക് ടൺ തേക്ക് ബില്ലറ്റ് 39,168/- രൂപക്ക് ലേലം കൊണ്ടെങ്കിലും മുഴുവൻ തുകയടച്ച് തടികൾ നീക്കം ചെയ്യാത്തതിനാൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ 28.09.1989 ന് പുനർലേലം ചെയ്ത വകയിൽ സർക്കാരിനുണ്ടായ 20,431/- രൂപ ടിയാനിൽ നിന്നും ഈടാക്കുന്നതിന് യാതൊരു നിർവ്വാഹമില്ലാത്തതിനാൽ നഷ്ടം എഴുതിത്തള്ളണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്) പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.. ശ്രീ. സക്കീർ ഹുസൈനെതിരായ സർക്കാർ നഷ്ടം എഴുതിത്തള്ളുന്നതിനു പരാമർശം ( 2 ) പ്രകാരം ഫോറസ്റ്റ്, ലാന്റ് ആന്റ്

റിസോഴ്സ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റും ശുപാർശ ചെയ്തിട്ടുണ്ട്.

2) ശ്രീ.സക്കീർ ഹുസൈന് സ്ഥാവരജംഗമ വസ്തുക്കൾ ഒന്നുംതന്നെയില്ല എന്ന് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുള്ളതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്) പരാമർശം ( 3 ) പ്രകാരം അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സക്കീർ ഹുസൈന് ഇളകുന്നതും ഇളകാത്തതുമായ മുതലുകൾ ഒന്നും തന്നെയില്ലാത്തതിനാലും, ശ്രീ.സക്കീർ ഹുസൈനെതിരായ സർക്കാർ നഷ്ടം എഴുതിത്തള്ളുന്നതിനുള്ള ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലും ലേലം നടന്നിട്ട് 28വർഷം കഴിഞ്ഞ സാഹചര്യത്തിലും കാസർഗോഡ് റെയിഞ്ചിലെ പരപ്പ ഡിപ്പോയിൽ 16.11.1988 ൽ നടന്ന ലേലത്തിൽ മുഴുവൻ തുകയടച്ച് തടികൾ നീക്കം ചെയ്യാത്തതിനാൽ ശ്രീ.സക്കീർ ഹുസൈന്റെ നഷ്ടോത്തരവാദിത്വത്തിൽ 28.09.1989 ന് പുനർലേലം ചെയ്ത വകയിൽ സർക്കാരിനുണ്ടായ 20,431/- രൂപയുടെ (ഇരുപതിനായിരത്തി നാനൂറ്റി മുപ്പത്തിഒന്നു രൂപ മാത്രം) നഷ്ടം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്), കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന തിനായി.)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ